**യോഹന്നാന്റെ ജീവ-പഠനം**

**ദൂത് ഇരുപത്തിയൊന്ന്**

**മതത്തിൽ അന്ധരുടെ ആവശ്യം—ജീവന്റെ കാഴ്ചയും ജീവന്റെ മേയ്പും (1)**

**തിരുവെഴുത്ത് വായന: യോഹന്നാൻ 9:1-41**

**C. ജീവൻ, മനുഷ്യന്റെ സകല അവസ്ഥയുടെയും ആവശ്യത്തെ നിറവേറ്റുന്നു—2:23—11:57**

**8. മതത്തിലെ കുരുടന്റെ ആവശ്യം—ജീവന്റെ കാഴ്ച്ചയും ജീവന്റെ മേയ്പ്പും— 9:1—10:42**

a. ജീവന്റെ കാഴ്ച്ച—മതത്തിലെ കുരുടന്—9:1-41

(1) കുരുടനായി ജനിച്ചു—വാ. 1-3
(2) വെളിച്ചത്താലും ജീവന്റെ അഭിഷേകത്താലും കാഴ്ച്ച പ്രാപിക്കുന്നു—വാ. 4-13
(3) മതത്താൽ ഉപദ്രവമേൽക്കുന്നു—വാ. 14-34
(4) ദൈവപുത്രനിലേക്ക് വിശ്വസിക്കുന്നു—വാ. 35-38
(5) കുരുടരായ മതാനുസാരികളുടെമേലുള്ള ജീവന്റെ ന്യായവിധി—വാ. 39-41

9:1-41~omitted.

**തിങ്കൾ:**

**ആമുഖം:**

- യോഹന്നാന്റെ സുവിശേഷത്തിലെ ഒമ്പത് സംഭവങ്ങൾ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യത്തെ ആറ് സംഭവങ്ങളിൽ കർത്താവ് നമ്മെ അനുലോമമായ കാര്യങ്ങളിലേക്ക് കൊണ്ടുവരുന്നു, എന്നാൽ അവസാനത്തെ മൂന്ന് സംഭവങ്ങളിൽ കർത്താവ് നമ്മെ പ്രതിലോമമായതിൽ നിന്നും വിടുവിക്കുന്നു.

**പഠന രൂപരേഖ:**

**I. അന്ധർക്ക് ജീവന്റെ കാഴ്ച**

- ന്യായപ്രമാണമുള്ള മതത്തിന് അന്ധനായ മനുഷ്യന് ഒരു നന്മയും ചെയ്യുവാൻ കഴിഞ്ഞില്ലെന്നും, എന്നാൽ ലോകത്തിന്റെ വെളിച്ചമായ കർത്താവായ യേശുവിന് ജീവമാർഗ്ഗത്തിൽ അവന് കാഴ്ച നൽകുവാൻ കഴിഞ്ഞുവെന്നും ഈ സംഭവം തെളിയിക്കുന്നു.

**A. പിറവിയിലേ കുരുടനായവൻ**

1. നമ്മുടെ അന്ധത നമ്മുടെ പാപപ്രകൃതം മൂലമാണ്. പാപികളായ നാം പ്രകൃത്യാ അന്ധരാണ്.

**ചൊവ്വ:**

**B. വെളിച്ചം ലഭിക്കുന്നു**

1. ജീവന്റെ വെളിച്ചത്താൽ

a. മരിച്ചവർക്ക് ഒന്നും കാണുവാൻ കഴിയുകയില്ല. അതുകൊണ്ട്, ജീവന്റെ കുറവിനെയാണ് അന്ധത സൂചിപ്പിക്കുന്നത്.

2. മനുഷ്യത്വവുമായി ഇഴുകിച്ചേർന്ന ജീവന്റെ വചനത്തിന്റെ അഭിഷേകത്താൽ
   a. 9:6-ലെ കളിമണ്ണ് റോമർ 9:21-ലെപ്പോലെ കളിമണ്ണായ മനുഷ്യത്വത്തെ സൂചിപ്പിക്കുന്നു.
   b. തുപ്പൽ മത്തായി 4:4-ൽ കർത്താവിന്റെ "വായിലൂടെ പുറപ്പെടുന്ന" ഒന്ന് എന്ന നിലയിൽ അത് ആത്മാവും ജീവനും ആയ അവന്റെ "വചനങ്ങളെ" (യോഹ.6:63) സൂചിപ്പിക്കുന്നു.
   c. ക്രിസ്തുവിന്റെ വായിൽനിന്നു പുറപ്പെട്ടുവരുന്ന വചനം ആത്മാവാണ്.
   d. തുപ്പൽ കളിമണ്ണുമായി കലരുന്നത് മനഷ്യത്വം കർത്താവിന്റെ ജീവനുള്ള വചനവുമായി കലരുന്നതിനെ സൂചിപ്പിക്കുന്നു.
   e. കർത്താവ് അവന്റെ വചനത്തിലൂടെയും വചനത്താലും അവന്റെ സാരാംശം നമ്മോടു ഇഴുകിച്ചേർക്കുന്നു
   f. അന്ധമായ കണ്ണുകളെ കർത്താവിന്റെ തുപ്പൽ കൊണ്ടുണ്ടാക്കിയ ചേറിനാൽ കർത്താവ് അഭിഷേകം ചെയ്യുന്നത്, സാത്താനാൽ അന്ധമാക്കപ്പെട്ട നമ്മുടെ കണ്ണുകൾക്ക് കർത്താവിന്റെ ആത്മാവായ അവന്റെ വചനം നമ്മുടെ മനുഷ്യ പ്രകൃതവുമായ് കലരുന്നതിന്റെ അഭിഷേചനത്താൽ കാഴ്ച ലഭിക്കും എന്ന് സൂചിപ്പിക്കുന്നു.

**ബുധൻ:**

3. ജീവന്റെ വചനം അനുസരിക്കുന്നതിനാലും പഴയ മനുഷ്യത്വം കഴുകിക്കളയുന്നതിനാലും
   a. നമ്മുടെ കണ്ണുകൾക്ക് കാഴ്ച ലഭിക്കുന്നതിന് നാം പിന്തുടരേണ്ടതിന് മൂന്ന് പടികളുണ്ട്.
   b. ഒന്നാമത്, കളിമണ്ണ് തുപ്പൽ സ്വീകരിക്കുകയും അതുമായി ഇഴുകിച്ചേരുകയും വേണം. അതായത്, പഴയ മനുഷ്യനാകുന്ന, കളിമണ്ണാകുന്ന, നാം തുപ്പലായ കർത്താവിന്റെ വചനം സ്വീകരിക്കുകയും കർത്താവുമായി അവന്റെ വചനത്തിൽ ഇഴുകിച്ചേരുകയും വേണം.
   c. രണ്ടാമത്തെ പടി, കർത്താവിനെ അവന്റെ വചനത്തിൽ നാം സ്വീകരിച്ചു കഴിഞ്ഞാൽ, നമുക്ക് അഭിഷേകം ലഭിക്കും.
   d. മൂന്നാമത്തെപടി, പഴയ സ്വയത്തെ മരിപ്പിക്കണം. പഴയ കളിമണ്ണ് മരണജലത്തിൽ ആക്കിവയ്ക്കണം.
   e. ഇതിൽ അടങ്ങിയ അത്ഭുതകരമായ തത്ത്വം നാം തിരിച്ചറിയണം.
   f. നാം ആദ്യം കർത്താവിനെ അവന്റെ വചനത്തിൽ സ്വീകരിച്ച് അവനുമായി ഇഴുകിച്ചേരണം. അപ്പോൾ നമുക്ക് ജീവന്റെ ആത്മാവിന്റെ അഭിഷേകം നമ്മിൽ ഉണ്ടാകുകയും അത് നമ്മെയെല്ലാം അയക്കപ്പെട്ടവരുടെ സ്ഥാനത്താക്കുകയും ചെയ്യും.
   g. സ്വയത്തെ മരിപ്പിക്കുവാൻ മരണജലത്തിൽ അടക്കപ്പെടുവാൻ നാം തയ്യാറുള്ളവരാകും.
   h. ഒടുവിൽ, നാം കാഴ്ച വീണ്ടുകിട്ടുകയും നാം വെളിച്ചം ആസ്വദിക്കുകയും ചെയ്യും.
   i. അനുദിനം ഈ തത്ത്വത്താൽ നാം ജീവിക്കണം. ഇതു മരണത്തെ ജീവനാക്കി മാറ്റുന്നതാണ്.

**വ്യാഴം:**

C. **മതത്താൽ പീഡിപ്പിക്കപ്പെടുന്നു**
   1. കാഴ്ച പ്രാപിക്കുക എന്നത് ഒരു നല്ല കാര്യമാണ്. എന്നിരുന്നാലും, അന്ധമായ മതത്തിന്റെ കരങ്ങളാലുള്ള പീഡനം സഹിക്കുന്നതിന് നാം തയ്യാറായിരിക്കണം

D. **ദൈവ പുത്രനിൽ വിശ്വസിക്കുന്നു**
   1. കുരുടൻ ദൈവപുത്രനായ യേശുവിൽ വിശ്വസിക്കുവാൻ ഇടയായി.
   2. അവൻ വിശ്വസിച്ചുവെങ്കിലും അവന് വ്യക്തത ഉണ്ടായിരുന്നില്ല. യേശു ആരെന്ന് യഥാർത്ഥത്തിൽ അറിയാതെ അവൻ വിശ്വസിച്ചു. ഒരു നിഷ്കളങ്ക രീതിയിൽ അവൻ വിശ്വസിച്ചു

E. **ജീവനാൽ ന്യായംവിധിക്കപ്പെടുന്നു**
   1. താൻ ന്യായവിധിക്കായി വന്നു എന്ന് കർത്താവ് പരീശന്മാരോട് പറഞ്ഞു. എന്നാൽ താൻ വന്നത് വിധിക്കുവാനല്ല മറിച്ച്, രക്ഷിക്കുവാനാണ് എന്ന് നിക്കോദേമൊസിനോട് അവൻ പറഞ്ഞു.
   2. അന്വേഷിക്കുന്ന ഒരു ദേഹിയെ അവൻ നിക്കോദേമൊസിൽ കണ്ടു. എന്നാൽ പരീശന്മാരിൽ അവൻ നിഗളം കണ്ടു
   3. കർത്താവ് വിധിക്കുവാനാണോ രക്ഷിക്കുവാനാണോ വരുന്നത് എന്നത് നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു.

**വെള്ളി:**

**ചോദ്യങ്ങൾ:**

1. തുപ്പലും കളിമണ്ണുമായി കലരുന്നതിന്റെ അർത്ഥവും, അതിലൂടെയുള്ള സൗഖ്യവും വിവരിക്കുക
2. നമ്മുടെ കണ്ണുകൾക്ക് കാഴ്ച ലഭിക്കുന്നതിന് നാം പിന്തുടരേണ്ടതിന് മൂന്ന് പടികൾ വിവരിക്കുക
3. ഈ മൂന്ന് പടികളിൽ അടങ്ങിയിരിക്കുന്ന അത്ഭുതകരമായ തത്ത്വം വിവരിക്കുക
4. യേശുവിലുള്ള കുരുടന്റെ വിശ്വാസം എപ്രകാരമുള്ളതായിരുന്നു?
5. കർത്താവ് വിധിക്കുവാനാണോ രക്ഷിക്കുവാനാണോ വരുന്നത് എന്നത് നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് പറയുവാനുള്ള കാരണം വിവരിക്കുക.